# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 23**

---

### നാളത്തെ പരീക്ഷ മാറ്റി

രണ്ടാം സെമസ്റ്റർ ബി.പി.എഡ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2015 മുതൽ 2019 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ നാളെ(സെപ്റ്റംബർ 25) നടത്താനിരുന്ന പരീക്ഷ സെപ്റ്റംബർ 30ലേക്ക് മാറ്റി. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1146/2023)

### പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല സെപ്റ്റംബർ 26, ഒക്ടോബർ നാല്, അഞ്ച്, ആറ് തീയതികളിൽ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/1147/2023)

### അസിസ്റ്റൻറ് പ്രഫസർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പഠന വകുപ്പുകളിൽ അസിസ്റ്റൻറ് പ്രഫസർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.
വിവിധ സംവരണവിഭാഗങ്ങളിലെ ഒഴിവുകളിൽ 2023-24 അക്കാദമിക വർഷത്തേക്കുള്ള നിയമനം വാർഷിക വിലയിരുത്തൽ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ രണ്ടു വർഷം ദിർഘിപ്പിച്ചു നൽകാനിടയുണ്ട്.

യു..ജി.സി ചട്ടങ്ങൾ പ്രകാരം യോഗ്യതയുള്ളവർക്കാണ് അവസരം. കോളജുകളിൽ നിന്നും സർവകലാശാലകളിൽ നിന്നും വിരമിച്ച 2023 ജനുവരി ഒന്നിന് 70 വയസ്സ് കവിയാത്തവരെയും പരിഗണിക്കും.

യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപയാണ് പ്രതിഫലം. യു.ജി.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും. ഇവർക്ക് പ്രതിദിനം 1600 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 40000 രൂപയായിരിക്കും പ്രതിഫലം.

താൽപര്യമുള്ളവർ പ്രായം, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, മറ്റു അധിക യോഗ്യതകൾ എന്നിവ തെളിയിക്കുന്ന രേഖകളും നോൺ ക്രീമി ലെയർ സർട്ടിഫിക്കറ്റും സഹിതം ദി രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686 560 എന്ന വിലാസത്തിലേക്ക് സെപ്റ്റംബർ 30 വൈകുന്നേരം 4.30നകം അപേക്ഷ നൽകണം.

വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1148/2023)

## <u>പരീക്ഷയ്ക്ക് അപേക്ഷിക്കാം</u>

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ(2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഒക്ടോബർ ആറിനും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ ഏഴിനും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1149/2023)

## <u>പ്രാക്ടിക്കൽ</u>

ഏഴാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.സി.എ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ഏഴു മുതൽ 13 വരെ അതത് കോളജുകളിൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1150/2023)

## <u>അപ്ലൈഡ് ജിയോളജി; അസിസ്റ്റൻറ് പ്രഫസർ</u>

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ അപ്ലൈഡ് ജിയോളജി അസിസ്റ്റൻറ് പ്രഫസർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഇ.ബി.ടി, എസ്.സി വിഭാഗങ്ങളിൽ ഓരോ ഒഴിവുകളിലേക്കാണ് നിയമനം.

2023–24 അക്കാദമികവർഷത്തേക്കുള്ള കരാർ നിയമനം വാർഷിക വിലയിരുത്തൽ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നാലു വർഷം വരെ ദിർഘിപ്പിച്ചു നൽകാം.

യു.ജി.സി ചട്ടങ്ങൾ പ്രകാരം യോഗ്യതയുള്ളവർക്കാണ് അവസരം. കോളജുകളിൽ നിന്നും സർവകലാശാലകളിൽ നിന്നും വിരമിച്ച 2023 ജനുവരി ഒന്നിന് 70 വയസ്സ് കവിയാത്തവരെയും പരിഗണിക്കും.
പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 43750 രൂപ.

താൽപര്യമുള്ളവർ പ്രായം, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, മറ്റു അധിക യോഗ്യതകൾ തെളിയിക്കുന്ന രേഖകളും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും സഹിതം ദി രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686 560 എന്ന വിലാസത്തിൽ സെപ്റ്റംബർ 30 വൈകുന്നേരം 4.30നകം അപേക്ഷ നൽകണം.

വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1151/2023)

## പരീക്ഷാഫലം

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ബയോനാനോടെക് നോളജി(പി.ജി.സി.എസ്.എസ് – 2021 അഡ്മിഷൻ റഗുലർ), എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റാ സയൻസ്(2021 അഡ്മിഷൻ പി.ജി.സി.എസ്.എസ് റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഒക്ടോബർ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..........................

ഒന്നാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും, 2019,2020 അഡ്മിഷൻ സപ്ലിമെൻററി – മാർച്ച് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഒക്ടോബർ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..........................

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി ഇലക്ട്രോണിക്സ്, എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്.സി സൈബർ ഫോറൻസിക്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഒക്ടോബർ ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..............................

മെയ് മാസം നടത്തിൽ രണ്ടാം വർഷ എം.എ ഫിലോസഫി(2003 2005 രജിസ്ട്രേഷൻ പ്രൈവറ്റ് സ്റ്റഡി സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1152/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**